**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3960** — **24.06.2014 ൽ മറുപടിയ്ക്ക്**

## വ്യവസായ സംരംഭകത്വ വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.റ്റി. ബൽറാം:**<br>**ശ്രീ. പി.സി. വിഷ്ണുനാഥ്:**<br>**ശ്രീ. ഷാഫി പറമ്പിൽ:**<br>**ശ്രീ. ഹൈബി ഈഡൻ:** | **കുമാരി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭകത്വ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) യുവജനങ്ങളുടെ സംരംഭകത്വകഴിവ് വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (സി) യുവജനങ്ങളിൽ സംരംഭകത്വ കഴിവ് വളർത്താൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) പ്രസ്തുത പരിശീലന പദ്ധതി പ്രീ-ട്രെയിനിംഗ് , ട്രെയിനിംഗ് , മെന്ററിംഗ് എന്നീ മൂന്ന് ഘട്ടങ്ങളിലൂടെയാണ് കടന്നു പോകുന്നത്. ഇതിൽ പ്രീ-ട്രെയിനിംഗ് ഘട്ടത്തിൽ സംരംഭകത്വം തുടങ്ങാൻ താൽപ്പര്യമുള്ളതും കഴിവുള്ളതുമായ യുവജനങ്ങളെ കണ്ടെത്തുകയും പരിചയപ്പെടുത്തുകയും ചെയ്യുന്നു. ട്രെയിനിംഗ് ഘട്ടത്തിൽ ഓരോ ഗുണഭോക്താക്കൾക്കും അവരവരുടെ കഴിവിനുപറ്റുന്ന വ്യവസായ സംരംഭങ്ങൾ കണ്ടെത്തുന്നതിന് സഹായിക്കുകയും വ്യവസായരംഗത്തെ മത്സരങ്ങൾ, മാറിവരുന്ന ബിസിനസ്സ് സാഹചര്യങ്ങൾ, വ്യവസായ പദ്ധതി രൂപീകരണം, അടിസ്ഥാന മാനേജ്മെന്റ് തത്വം തുടങ്ങിയവയിൽ പരിശീലനം നൽകുകയും ചെയ്യുന്നു. മെന്ററിംഗ് ഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കിയ ഓരോ ഗുണഭോക്താവിനും സംരംഭങ്ങൾ ആരംഭിക്കുന്നതിന് മാർഗ്ഗനിർദ്ദേശവും ഇതരസഹായങ്ങളും Entrepreneurship Development Institute of India നൽകുന്നു. |

| | | | |
|---|---|---|---|
| (ഡി) | ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ഡി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് Entrepreneurship Development Institute of India യുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ഇ) | പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഇ) | കഴിഞ്ഞ സാമ്പത്തിക വർഷം ആദ്യഘട്ടമായി തിരുവനന്തപുരം, തൃശ്ശൂർ, വയനാട് ജില്ലകളിലായി നടന്ന 18 പരിശീലന ക്ലാസ്സുകളിലായി 465 പേർ ഗുണഭോക്താക്കളായി മാറുകയും ഇതിൽ 97 പേർ സംരംഭകത്വ യൂണിറ്റുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത ഘട്ടത്തിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം എന്നീ 8 ജില്ലകളിലായി 3 പരിശീലന ക്ലാസ്സുകൾ വീതം 24 ബാച്ചുകളിലായി 600 പേരെ സംരംഭകരാക്കി മാറ്റുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ